10134
7/6/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മാരകമായ രോഗത്തെ തുടർന്ന് മുടങ്ങിയ ഭവന വായ്പ തിരിച്ചടവ് നടത്തി തീർപ്പാക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി ആർ എഫ് - എ ) വകുപ്പ്

സ.ഉ.(സാധാ) നം.1429/2019/റവ. തീയതി,തിരുവനന്തപുരം, 04/06/2019

---

പരാമർശം:- ശ്രീ. അരവിന്ദാക്ഷൻ പിള്ള സർക്കാരിൽ സമർപ്പിച്ച 19.04.2018 ലെ (G 1806 04480 നമ്പർ ) അപേക്ഷ

## ഉത്തരവ്

ശ്രീ. അരവിന്ദാക്ഷൻപിള്ള മുല്ലാത്തുക്കോണം വീട്, അവനവൻച്ചേരി.പി.ഓ, കിഴുവിലം വില്ലേജ്, ആറ്റിങ്ങൽ, തിരുവനന്തപുരം , എന്നയാൾ ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ അന്തൃപ്പാറ ശാഖയിൽ നിന്നും ഭവന വായ്പ എടുത്തതായും ആയതിൽ മുക്കാൽ ഭാഗവും അടച്ചു തീർത്തതായും , എന്നാൽ ഗുരുതരമായ രോഗം ബാധിച്ചതിനെ തുടർന്ന് അവശനിലയിലായതിനാൽ മുഴുവൻ തുകയും അടവാക്കി വായ്പ തീർപ്പാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായതായും, ആയതിനാൽ ബാക്കി അടവാക്കാനുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകണമെന്നും അഭ്യർഥിച്ച കൊണ്ട് പരാമർശ പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ടി വിഷയത്തിൽ ബാങ്കിന്റെ റിപ്പോർട്ട് തേടുകയും ആയത് പ്രകാരം 38,891/- രൂപ (മുപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം )ബാക്കി അടവാക്കാനുള്ളതായി ബാങ്ക് സർക്കാരിനെ അറിയിക്കുകയും ചെയ്തു.

2. മേൽ വിഷയം സർക്കാർ പരിശോധിച്ചു. ശ്രീ. അരവിന്ദാക്ഷൻപിള്ള ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ അന്തൃപ്പാറ ശാഖയിൽ നിന്നും എടുത്ത ഭവന വായ്പ മുക്കാൽ ഭാഗവും അടച്ച് തീർക്കുകയും എന്നാൽ ഗുരുതരമായ രോഗം ബാധിച്ചതിനെ തുടർന്ന് ബാക്കി തുക അടവാക്കാനാകാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്ത പരിതാപകരമായ സാഹചര്യം കണക്കിലെടുത്ത് , ഇക്കാര്യം ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാൻ ബാങ്കിന് അടവാക്കാനുള്ള ബാക്കി തുകയായ 38,891/- രൂപ ( മുപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന 38,891/- രൂപ( മുപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund(NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 നമ്പർ അക്കൗണ്ട് മുഖാന്തിരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും , ജില്ലാ കളക്ടർ പ്രസ്തുത തുക ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ അന്തൃപ്പാറ ശാഖയ്ക്ക് കൈമാറി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ബഹു.മുഖ്യമന്ത്രിയുടെ ഓഫീസ്. ( G 180604480 നമ്പർ അപേക്ഷ പ്രകാരം )

ധനകാര്യ(ഫണ്ട്സ്) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Bindumol.K.N

സെക്ഷൻ ഓഫീസർ